| 14-08-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - കർമ്മം, അകർമ്മം, വികർമ്മം ഇവയുടെ ഗതിയെ ശ്രദ്ധയിൽ വെച്ചുകൊണ്ട് ഈ കർമ്മേന്ദ്രിയങ്ങളിലൂടെ യാതൊരു പാപ കർമ്മവും ചെയ്യരുത്, ദാനം ചെയ്താൽ ഗ്രഹപ്പിഴ ഇല്ലാതാവും.**

ചോദ്യം - ഏതൊരു കാര്യത്തിൽ ബ്രഹ്മാബാബയെ അനുകരിക്കുന്ന കുട്ടികളാണ് ഭാവിയിലെ സിംഹാസനധാരിയായിത്തീരുക?
**ഉത്തരം** - എങ്ങനെയാണോ ബ്രഹ്മാബാബ ദേഹസഹിതം പൂർണ്ണമായും ബലിയർപ്പണം ചെയ്തത്, തന്റെ സർവ്വതും ഈശ്വരാർത്ഥം കുട്ടികളുടെ സേവനത്തിൽ നൽകിയത്, നേരിട്ട് ഇൻഷ്വർ(സമർപ്പണം) ചെയ്തത് അതുകൊണ്ട് വിശ്വത്തിന്റെ ചക്രവർത്തി പദവി ലഭിച്ചു, അതുപോലെ അച്ഛനെ അനുകരിക്കൂ. സത്പുത്രരായി മാറേണ്ട സർട്ടിഫിക്കറ്റ് നേടണം. ഒന്നാനമ്മയുടെ കുട്ടികളായിത്തീർന്ന് ശരീരം, മനസ്സ്, ധനം ഇവയിലൂടെ സേവനം ചെയ്യണം. ബാബയുടെ പൂർണ്ണ സഹയോഗികളായിത്തീരണം. സർവ്വതും ഇൻഷ്വർ ചെയ്താൽ 21 ജന്മത്തേക്ക് രാജ്യപദവിയുടെ അധികാരിയായിത്തീരാൻ സാധിക്കും.

**ഗീതം** - കുട്ടിക്കാലത്തെ ദിനങ്ങൾ മറക്കരുത്.......

**ഓംശാന്തി**. മധുരമധുരമായ കുട്ടികൾ പാട്ടുകേട്ടില്ലേ. ഇപ്പോൾ കുട്ടികൾ ജീവിച്ചിരിക്കെ ഈ ലോകത്തു നിന്നും മരിച്ച് ആ ലോകത്തേക്കു പോകുന്നതിനുവേണ്ടി ബാബയുടെ മടിത്തട്ട് നേടിയിരിക്കുകയാണ്. ഏത് അച്ഛൻ? പരമപിതാ പരമ ആത്മാവ് അർത്ഥം പരമാത്മാവ്. എപ്പോഴും മനസ്സിലാക്കി കൊടുക്കുമ്പോൾ ബാബ ജ്യോതിർലിംഗമാണ്, അളവറ്റ ജ്യോതിസ്വരൂപമാണ്, ആയിരക്കണക്കിന് സൂര്യനെക്കാളും തേജോമയമാണ്, ഇങ്ങനെ പറഞ്ഞുകൊടുക്കരുത് ഇത് പറയുന്നത് വാസ്തവത്തിൽ തെറ്റാണ്. അപ്പോൾ എന്താണ് പറയേണ്ടത്? പരമപിതാവായ പരമാത്മാവ് സദാ പരംധാമത്തിലാണ് വസിക്കുന്നത്. പരമം അർത്ഥം ഏറ്റവും ഉയർന്നതിലും ഉയർന്നത് അതായത് നിരാകാരനായ അച്ഛനാണ്. പരമാത്മാവ് എല്ലാ ആത്മാക്കളുടെയും അച്ഛനാണ് അതുകൊണ്ടാണ് പരമം എന്ന് പറയുന്നത്. പരമാത്മാവ് ജനനമരണ ചക്രത്തിലേക്ക് വരുന്നില്ല. മനസ്സിലാക്കിത്തരുന്നു കുട്ടികളേ, അഥവാ ഞാനും ജനനമരണ ചക്രത്തിലേക്കു വരുന്നു എങ്കിൽ നിങ്ങളെ ആര് ഉദ്ധരിക്കും? ഞാൻ തന്നെയാണ് എല്ലാവരെയും ദുഖത്തിൽ നിന്നും അക്കരെ കടത്തുന്നത്. ദുഖത്തെ ഹരിച്ച് സുഖത്തെ നൽകുന്ന ആൾ ഞാൻ തന്നെയാണ്, പക്ഷേ ആർക്കും തന്നെ അറിയുന്നില്ല. ഭക്തിമാർഗ്ഗത്തിൽ പാടിക്കൊണ്ടിരിക്കുന്നു - അല്ലയോ, പരമപിതാവായ പരമാത്മാവേ! അപ്പോൾ തീർച്ചയായും മനസ്സിലാക്കുന്നുണ്ട് അച്ഛനാണെന്ന്. പക്ഷേ നമ്മുടെ അച്ഛൻ എങ്ങനെയുള്ളതാണ്, എന്താണ് എന്നുള്ളതിനെക്കുറിച്ച് ആർക്കും തന്നെ അറിയുന്നില്ല. മനുഷ്യനെപ്പോലുള്ള രൂപമൊന്നുമല്ലല്ലോ. ബ്രഹ്മാ വിഷ്ണു ശങ്കരനെയും ഓർമ്മിക്കുന്നുണ്ട്. പക്ഷേ അവരെ ഈ കണ്ണുകളിലൂടെ കാണാൻ പറ്റുമല്ലോ. പക്ഷേ ശിവൻ ആരാണ്, ശിവന്റെ ക്ഷേത്രത്തിലേക്ക് പോകുന്നുണ്ട് പക്ഷേ ശിവനെ എന്തിനാണ് ഓർമ്മിക്കുന്നത്, എന്ന് അറിയുന്നില്ല.

ബാബ മനസ്സിലാക്കിത്തരുന്നു, ദേവതകൾ വാമമാർഗ്ഗത്തിവലേക്കു പോകുമ്പോഴാണ് സോമനാഥന്റെ ക്ഷേത്രം ഉണ്ടാക്കുന്നത്. കേവലം ശിവനാണ് എന്നു മനസ്സിലാക്കുന്നു, പക്ഷേ ശിവൻ സ്വർഗ്ഗത്തിന്റെ രചയിതാവാണ് എന്നു മനസ്സിലാക്കുന്നില്ല. നമ്മെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്ന ആളാണ്. അഥവാ അറിയുന്നു എങ്കിൽ മറ്റുള്ളവർക്കും ശിവന്റെ ജീവചരിത്രം പറഞ്ഞുകൊടുക്കുമായിരുന്നു. അറിയാതിരിക്കുന്നതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. അറിയുക അർത്ഥം സമ്പത്ത് നേടുകയാണ്. അറിയാതെയിരിക്കുക അർത്ഥം സമ്പത്ത് നഷ്ടപ്പെടുത്തുകയാണ്. ബാബ പറയുന്നു ഞാൻ സ്വർഗ്ഗത്തിന്റെ രചയിതാവ് നിങ്ങൾക്ക് സുഖം നൽകുന്നു, നിങ്ങളെ പാവനമാക്കിത്തീർക്കുന്നു. പിന്നീട് അഞ്ചു വികാരങ്ങൾ നിങ്ങളെ പതിതമാക്കിത്തീർക്കുന്നു. കലകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾ കറുത്തതായിത്തീരുന്നു. ആദ്യം നിങ്ങൾ 16 കലാ സമ്പൂർണ്ണമായ ചന്ദ്രനെപ്പോലെയായിരുന്നു, പാവനമായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് ഗ്രഹണം ബാധിച്ചിരിക്കുകയാണ്. ബാബ പറയുന്നു ദാനം ചെയ്യൂ എന്നാൽ ഗ്രഹണത്തിൽ നിന്നും മുക്തമായിത്തീരും. പഞ്ച വികാരങ്ങളെയാണ് ഗ്രഹണം എന്ന് പറയുന്നത്. ഇതിലൂടെയാണ് നിങ്ങൾ ആത്മാക്കൾ ദുഖിയും കറുത്തതുമായി മാറുന്നത്. ബാബ പറയുന്നു ഞാൻ നിങ്ങൾ ബ്രാഹ്മണരുടെ അച്ഛനാണ്. അല്ലയോ ബ്രാഹ്മണരേ, നിങ്ങളിൽ എന്തെല്ലാമാണോ പഞ്ച വികാരങ്ങളുള്ളത് അത് എനിക്ക് ദാനം ചെയ്യുകയാണെങ്കിൽ ഗ്രഹണത്തിൽ നിന്നും മുക്തമാകാൻ സാധിക്കും. ഇന്ന് മുതൽക്ക് ദാനം ചെയ്തതിന്

ശേഷം പിന്നീട് അത് ഉപയോഗിച്ച് ഒന്നും തന്നെ ചെയ്യരുത്. ബാക്കി മായയുടെ കൊടുങ്കാറ്റുകൾ ധാരാളം വരുക തന്നെ ചെയ്യും. പക്ഷേ കർമ്മേന്ദ്രിയങ്ങളിലൂടെ ക്രോധം എന്നിവ ചെയ്യുന്നതിലൂടെ അത് പാപമായിത്തീരും. കർമ്മം അകർമ്മം വികർമ്മം ഇവയുടെ ഗതിയെക്കുറിച്ചും നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നു. നിങ്ങളുടെ കർമ്മം ഒരിക്കലും വികർമ്മമായിത്തീരാൻ പാടില്ല. ഞാൻ നിങ്ങൾ കുട്ടികളെ വികർമ്മാജീത്താക്കി മാറ്റുകയാണ്. ഇത് രാഹുവിന്റെ ഗ്രഹണമാണ്. ദാനം ചെയ്യുകയാണെങ്കിൽ ഗ്രഹണത്തിൽ നിന്നും മുക്തമായിത്തീരും. ബാബ പറയുന്നു – എന്റെ മധുരമായ കുട്ടികളേ, ഈ പഞ്ചഭൂതങ്ങളെയും ദാനം ചെയ്യൂ. ഇതിൽ പൈസയുടെ കാര്യമൊന്നും തന്നെ വരുന്നില്ല. ഇത് അച്ഛനാണ്, നിങ്ങൾ ഒന്നാനമ്മയുടെ കുട്ടികളാണ്. ഇങ്ങനെയുള്ള കുട്ടികളെ ബാബ എന്തായാലും സഹായിക്കുക തന്നെ ചെയ്യും. നിങ്ങളും ശരീരം മനസ്സ് ധനം കൊണ്ട് സേവനം ചെയ്യുന്നു. ബാബയുടെ കടമയാണ് നിങ്ങളുടെ സേവനം ചെയ്യുക എന്നുള്ളത്. ബാബ പറയുന്നു ഇതെല്ലാം തന്നെ നിങ്ങൾ കുട്ടികളുടേതാണ്. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ ഭഗവാന് നൽകി വന്നു. പക്ഷേ ഈശ്വരന് ഒന്നിന്റെയും ആഗ്രഹമില്ലല്ലോ. നിങ്ങളാണ് സമർപ്പിക്കുന്നത്. ഈശ്വരന് നൽകുന്നതിലൂടെ ഈശ്വരൻ അടുത്ത ജന്മത്തിൽ നിങ്ങൾക്ക് നൽകും. ഇതിനെയാണ് സമർപ്പിക്കുക എന്ന് പറയുന്നത്. അടുത്ത ജന്മത്തിൽ ഇതിന്റെ ഫലം ലഭിക്കുന്നു. ഈശ്വരൻ ദാതാവാണ്. ഇപ്പോൾ നിങ്ങൾ സ്വയത്തെ 21 ജന്മത്തേക്കു വേണ്ടി ഇൻഷ്വർ ചെയ്യുന്നു. മറ്റുള്ളവർ ഒരു ജന്മത്തേക്കു വേണ്ടിയാണ്. ഇവിടെ സർവ്വതും 21 ജന്മത്തേക്കു വേണ്ടി ഇൻഷ്വർ ചെയ്യപ്പെടുന്നു. ഇങ്ങനെ പറയാറുണ്ട് മകൻ അച്ഛനെ പ്രത്യക്ഷപ്പെടുത്തുന്നു എന്ന്. നോക്കൂ ബ്രഹ്മാവിന്റെ അടുത്ത് എന്തെല്ലാമാണോ ഉണ്ടായിരുന്നത് അത് മുഴുവനും ഈശ്വരാർത്ഥം കുട്ടികളുടെ സേവനത്തിൽ ഉപയോഗിച്ചു. ശിവബാബയെ അവകാശിയാക്കി മാറ്റി. ശരീരം മനസ്സ് ധനം സർവ്വതും നൽകി, അതിനു പകരമായി തന്റെ പുരുഷാർത്ഥത്തിലൂടെ വിശ്വത്തിന്റെ ചക്രവർത്തി പദവി ലഭിക്കുന്നു. കാരണം നേരിട്ടുള്ളതല്ലേ. നിങ്ങൾ എന്റേതായി മാറുന്നതിലൂടെ 21 ജന്മത്തേക്ക് വിശ്വത്തിന്റെ അധികാരി പദവി ലഭിക്കുന്നു. പക്ഷേ എത്രത്തോളം ബലിയർപ്പിക്കുന്നുവോ അത്രത്തോളം സമ്പത്ത് ലഭിക്കുന്നു. ദേഹസഹിതം സർവ്വതും ബലിയർപ്പിക്കണം. ആരാണോ മാതാപിതാവിനെ ഫോളോ ചെയ്യുന്നത് അവർക്കേ സിംഹാസനത്തിൽ ഇരിക്കാൻ സാധിക്കൂ. അപ്പോൾ ബാബ പറയുന്നു ദാനം ചെയ്യൂ എന്നാൽ ഗ്രഹണത്തിൽ നിന്നും മുക്തമായിത്തീരും. പിന്നീട് തിരിച്ചെടുക്കുകയാണെങ്കിൽ ദുർഗതിയിലേക്കു പോകും. പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. പുരുഷാർത്ഥികളായ വിദ്യാർത്ഥികൾ നല്ല രീതിയിൽ പഠിക്കുകയാണെങ്കിൽ നല്ല നമ്പറും നേടും. നിങ്ങളും പുരുഷാർത്ഥം ചെയ്ത് ഉയർന്ന നമ്പർ നേടൂ. ഇതിൽ ബുദ്ധിമുട്ടേണ്ട കാര്യമില്ല. കേവലം പവിത്രമായിരിക്കണം. ഇതിനു വേണ്ടി ബാബയിൽ നിന്നുമുള്ള ശക്തിയും ലഭിക്കുന്നുണ്ട്. സന്തോഷത്തിന്റെ അതിരും കടക്കണം.

നമുക്ക് ദേവതയായിത്തീരണമെങ്കിൽ ഏതൊരു അവഗുണങ്ങളും പാടില്ല. 16 കലാ സമ്പൂർണ്ണരും സമ്പൂർണ്ണ നിർവ്വികാരിയും ഇവിടെ നിന്നുതന്നെ ആയിത്തീരണമെങ്കിൽ അവഗുണങ്ങളൊന്നും തന്നെ പാടില്ല. അരക്കല്പമായി വികാരികളായിരുന്നല്ലോ അപ്പോൾ മായയും പറയും ഇപ്പോൾ ഇവർ നിർവ്വികാരികളായിത്തീരുമ്പോൾ ഞാൻ ഇവരെ വീണ്ടും വികാരിയാക്കി മാറ്റുന്നു. മായയുടെ ഈ യുദ്ധം നടക്കുകതന്നെ ചെയ്യും. ഇത് ബുദ്ധിമുട്ടാണ്. മായയുടെമേൽ വിജയം പ്രാപ്തമാക്കുകതന്നെ വേണം. അവർ പിന്നെ ഹിംസകമായ യുദ്ധത്തെക്കാണിച്ച് ഖണ്ഡിക്കപ്പെട്ടു. നിങ്ങൾ മായയുടെ മേൽ വിജയം പ്രാപ്തമാക്കി വിശ്വത്തിന്റെ അധികാരിയായിത്തീരുന്നു. കുട്ടികൾ മനസ്സിലാക്കുന്നു ബാബയ്ക്ക് പഞ്ചവികാരങ്ങളെ ദാനം ചെയ്തില്ലെങ്കിൽ ശ്രീ ലക്ഷ്മി അഥവാ നാരായണനെ വരിക്കാൻ സാധിക്കില്ല. അപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഹൃദയമാകുന്ന കണ്ണാടിയിൽ നോക്കണം – ഞാൻ എന്റെ കർമ്മേന്ദ്രിയങ്ങളിലൂടെ ഒന്നും ചെയ്തിട്ടില്ലല്ലോ? മായയുടെ കൊടുങ്കാറ്റ് ആദ്യത്തെക്കാളും കൂടുതൽ വരുകതന്നെ ചെയ്യും. വൈദ്യന്മാർ മരുന്നു നൽകുമ്പോൾ പറയുന്നു, ആദ്യത്തെ പഴയ അസുഖങ്ങൾ പുറത്തേക്കു വരുമെന്ന്. ഇതിൽ പേടിക്കേണ്ട ആവശ്യമില്ല, ഇത് വരുക തന്നെ ചെയ്യും. ബാബയും സർജനാണ്. പറയുന്നു നിങ്ങൾ എന്റെ കുട്ടിയായി മാറുന്നു എങ്കിൽ വളരെ നന്നായി രാവണനുമായുള്ള യുദ്ധമുണ്ടാവും. മായ വളരെയധികം യുദ്ധം ചെയ്യും, അതുകൊണ്ട് കൊടുങ്കാറ്റിനെ ഭയപ്പെടരുത്. ബാബയുടേതായി മാറി എങ്കിൽ ഈ കുട്ടിക്കാലത്തെ ഒരിക്കലും മറക്കരുത്. ഇത് ഈശ്വരീയ കുട്ടിക്കാലമാണ്. ഈശ്വരന്റെ മടിത്തട്ടിലേക്ക് ഒരു പ്രാവശ്യം വന്നാൽ പിന്നെ ദേവതകളുടെ മടിത്തട്ടിലേക്ക് 21 ജന്മത്തേക്ക് വരും. ഈശ്വരീയ ജന്മം കഴിഞ്ഞാൽ പിന്നെ നിങ്ങൾ സ്വർഗ്ഗത്തേക്കു പോകുന്നു. സർട്ടിഫിക്കറ്റ് നേടണം. ബാബാ, ഞങ്ങൾ അങ്ങയുടെ സത്പുത്രനാണോ അതോ കുപുത്രനോ? അപ്പോൾ ബാബയ്ക്ക് പറയാൻ സാധിക്കും, സത്പുത്രനും ഏതു നമ്പറിലുമാണെന്ന്? എന്ത് കുറവാണുള്ളതെന്ന്? ബാബയ്ക്ക് പറയാൻ സാധിക്കും. സ്വയം തന്നെ മനസ്സിലാക്കാൻ സാധിക്കും ഞങ്ങൾ സേവ ചെയ്തില്ലെങ്കിൽ എങ്ങനെ ഉയർന്ന പദവി നേടാൻ സാധിക്കും? ശരി, ബാബ പറയുന്നു നിങ്ങൾ ചെയ്യേണ്ടതിതാണ്, ഒരു ഹോസ്പിറ്റൽ അഥവാ സർവ്വകലാശാല തുറക്കൂ. നിങ്ങൾ ഇതിലേക്ക് പോയില്ലെങ്കിലും വളരെയധികം പേർ ഇതിൽ അഭയം നേടും, നിങ്ങൾക്ക് ഇതിന്റെ സമ്മാനവും ലഭിക്കും.

മനുഷ്യർ ധർമ്മശാലയുണ്ടാക്കുന്നു, അതുകൊണ്ടാണ് വളരെപേർ അതിൽ വന്ന് വിശ്രമിക്കുന്നത്. അപ്പോൾ അടുത്ത ജന്മം അവർക്ക് നല്ലൊരു കെട്ടിടം ലഭിക്കും. ബാബയുടെ അടുത്തേക്ക് ധാരാളം പേർ വരുന്നുണ്ട്, പറയുന്നു, ഈ ഹോസ്പിറ്റൽ തുറക്കൂ ഞങ്ങൾ സഹായിക്കാമെന്ന്. വലിയ ഹോസ്പിറ്റൽ തന്നെ തുറക്കണം. ജ്ഞാനത്തെ എടുക്കാൻ സ്വയം അവസരം ഇല്ലെങ്കിലും, മൂന്നടി മണ്ണിൽ ഈ ഹോസ്പിറ്റൽ അഥവാ സർവ്വകലാശാല പണിയൂ. ആശുപത്രിയിലൂടെ സദാ ആരോഗ്യശാലിയായിത്തീരും. കോളേജിലൂടെ സദാ സമ്പന്നനായിത്തീരും. വളരെപേർ ഇവിടേക്ക് വരുകയാണെങ്കിൽ നിങ്ങളുടെ പുണ്യത്തിന്റെ ശേഖരണം വർദ്ധിക്കും. കൂടുതൽ ചിലവൊന്നുമില്ല. ഇന്നത്തെക്കാലത്ത് എത്ര പൈസയാണ് സമ്പാദിക്കുന്നത്. കോടിക്കണക്കിന് സമ്പത്താണുള്ളത്! എന്താ അവരുടെ മക്കളും പേരമക്കളും ഇതു മുഴുവനും അനുഭവിക്കുമോ? ഒന്നും തന്നെ അവശേഷിക്കാതെ എല്ലാം നശിക്കും. സാധാരണക്കാർക്ക് രാജ്യപദവി ലഭിക്കും. ബാബ ഏഴകളുടെ തോഴനല്ലേ. ഈ ബാബ നമ്പർവൺ സാധാരണക്കാരനായിരുന്നു. ആയിരം രണ്ടായിരമുണ്ടെങ്കിൽ അവരെ സാധാരണക്കാരനെന്നാണ് പറയുന്നത്. ഇവിടെ സാധാരണക്കാർക്കും നല്ല പദവി പ്രാപ്തമാക്കാൻ സാധിക്കും. മറ്റുള്ളവരുടെ ലക്ഷവും കോടിയും ലഭിച്ച് എന്ത് ചെയ്യാനാണ്? സാധാരണക്കാരുടെ ചില്ലറ പൈസയിലൂടെയാണ് സ്ഥാപന നടക്കുന്നത്. ഗാന്ധിജിക്ക് എത്ര ദാനം ചെയ്തവരുണ്ടായിരുന്നു, അതിൽ എത്രപേർ മരിച്ചു! എത്ര ബുദ്ധിമുട്ട് സഹിച്ചു? നിങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. ബാബ പറയുന്നു നിങ്ങൾ ആദ്യം രാജയോഗം പഠിക്കൂ എന്നാൽ നിങ്ങൾക്ക് രാജ്യപദവി ലഭിക്കും. ഈ രാജ്യം മൃഗതൃഷ്ണയ്ക്കു സമാനമാണ്. കഥയിലുണ്ടല്ലോ ദ്രൗപദി ദുര്യോധനനെ ക്ഷണിച്ചു എന്ന്. അവർ വന്നപ്പോൾ കുളമാണെന്നു മനസ്സിലാക്കി വസ്ത്രം അഴിച്ചുവെക്കാൻ തുടങ്ങി അപ്പോൾ ദ്രൗപദി പറഞ്ഞു – അന്ധന്റെ വംശത്തിലുള്ളവരും അന്ധന്മാരാണെന്ന്. ഇതെല്ലാം തന്നെ മൃഗതൃഷ്ണയ്ക്കു സമാനമാണ്. എല്ലാവരും സ്വരാജ്യം നേടി എന്ന് മനസ്സിലാക്കുന്നുണ്ടെങ്കിലും എത്ര ദുഖമാണ്! പ്രജകളും എത്ര ദുഖികളാണ്, മരണം തൊട്ടു മുന്നിലാണ്. ബാബ പറയുന്നു എല്ലാവരും മരിച്ചിരിക്കുകയാണ്. ശ്മശാനമാണ് നിങ്ങൾക്ക് ഇതിനെ സ്വർഗ്ഗമാക്കിത്തീർക്കണം. വജ്ര-രത്നങ്ങളുടെ കൊട്ടാരമുണ്ടാക്കും. ഇത് കല്ലുകളുടെ പുരിയാണ്, അവിടെ സ്വർണ്ണത്തിന്റേതായിരിക്കും. അതുകൊണ്ടാണ് ബാബ മനസ്സിലാക്കിത്തരുന്നത് – ദാനം ചെയ്യൂ എന്നാൽ ഗ്രഹണത്തിൽ നിന്നും മുക്തമായിത്തീരും. പിന്നീട് 16 കലാ സമ്പൂർണ്ണരായിത്തീരും. ഇപ്പോൾ നിങ്ങൾ പതിതരാണ്, മനുഷ്യർ എത്ര ദുഖികളാണ്. യുദ്ധം പുറപ്പെട്ടാൽ ഉറക്കം പോലും ഇല്ലാതായിത്തീരും. വിശ്രമം പോലും എടുക്കാൻ സാധിക്കില്ല, ഉറക്കഗുളിക കഴിച്ച് ഉറങ്ങേണ്ടതായിവരും. ഇതു തന്നെയാണ് രാവണരാജ്യം. ഇപ്പോൾ ദസറയിൽ രാവണനെ കത്തിക്കും, ഇത് വിനാശം ഉണ്ടാകുന്നതു വരെയും കത്തിച്ചുകൊണ്ടിരിക്കും. വിനാശത്തിനുശേഷം പിന്നീട് രാവണൻ കത്തുകയില്ല. പിന്നീട് ദ്വാപരയുഗത്തിനുശേഷം രാവണനെ കത്തിക്കുന്നതിനായി തിരിച്ചു വരും. ഓരോവർഷവും രാവണനെ കത്തിക്കുന്നു പക്ഷേ മരിക്കുന്നില്ല. ഓരോ വർഷവും നിങ്ങൾ രക്ഷാബന്ധനം ആഘോഷിക്കുന്നുണ്ട്, രാഖി അണിയുന്നുണ്ട് എന്നിട്ടും അപവിത്രമായിത്തീരുന്നു.

ലക്ഷ്മി-നാരായണന്റെ അടുത്ത് എത്ര അളവറ്റ ധനമായിരുന്നു ഉണ്ടായിരുന്നത്! എത്ര പൂജയാണ് അവർക്ക് ലഭിക്കുന്നത്. പൂജ കേവലം ലക്ഷ്മിയ്ക്കല്ല ലഭിക്കുന്നത് ചതുർഭുജധാരി വിഷ്ണുവിനും ലഭിക്കുന്നുണ്ട്. അതിൽ രണ്ടുകൂട്ടരും വരുന്നുണ്ട്. ലക്ഷ്മിയോടൊപ്പം തീർച്ചയായും നാരായണനും ആവശ്യമാണ്. അതുകൊണ്ടാണ് രണ്ടുകൂട്ടരെയും പൂജിക്കുന്നത്. ജോഡിയില്ലാതെ എങ്ങനെ കാര്യം നടക്കാനാണ്? പ്രവൃത്തി മാർഗ്ഗമല്ലേ. നിങ്ങൾ വിശ്വത്തിന്റെ അധികാരിയായിത്തീരുന്നു. കുട്ടികൾ ഇങ്ങനെ ചോദിക്കാറുണ്ട് – എല്ലാവരും പറയുന്നു, ദീപാവലിയ്ക്ക് ലക്ഷ്മിയെ പൂജിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് ധനം ലഭിക്കുകയില്ല. അതുകൊണ്ടാണ് ബാബ നിർദ്ദേശം നൽകുന്നത് – കുട്ടികളേ, ഇതിലും സാക്ഷിയായി പാർട്ട് അഭിനയിക്കൂ. ഇല്ലെങ്കിൽ പ്രശ്നങ്ങളുണ്ടാവും. എങ്ങനെയാണോ ബാബ പറയുന്നത്– കുട്ടികളുടെ വിവാഹം ചെയ്തുകൊടുക്കുക തന്നെ വേണം എങ്കിൽ സാക്ഷിയായി പാർട്ട് അഭിനയിക്കണം, അല്ലെങ്കിൽ ബഹളങ്ങളുണ്ടാവും. കുട്ടികൾ നിർവ്വികാരികളായിരിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അങ്ങനെയുള്ള നിസ്സഹായ അവസ്ഥയിൽ വിവാഹം കഴിപ്പിച്ചു കൊടുക്കൂ. പവിത്രമായിരിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അവരെ വിടണം പിന്നീട് ബുദ്ധിമുട്ടിക്കരുത്. കുമാരികൾ അർത്ഥം 21 കുലത്തെ ഉദ്ധരിക്കുന്നവരാണ്. നിങ്ങൾ എല്ലാവരും ബ്രഹ്മാകുമാരിമാരാണ്. നിങ്ങളുടെ ജോലി തന്നെ എല്ലാവരെയും സ്വർഗ്ഗത്തിന്റെ അധികാരിയാക്കിത്തീർക്കുക എന്നതാണ്. ഹൃദയത്തോടു ചോദിക്കൂ ഞങ്ങൾ എത്രപേരെ തനിക്കു സമാനമാക്കി മാറ്റുന്നുണ്ട്? ഇതും ഒരു മിഷനറിയല്ലേ. ഇവിടെ നിങ്ങൾ മനുഷ്യരെ ദേവന്മാരാക്കിത്തീർക്കണമെങ്കിൽ എത്ര പ്രയത്നിക്കണം. നിങ്ങൾ ഈശ്വരീയ സേവകരാണ്. ഞാൻ നിങ്ങളെ ദുഖത്തിൽ നിന്നും മുക്തമാക്കി സ്വർഗ്ഗത്തിന്റെ അധികാരികളാക്കിത്തീർക്കുന്നു. ഞാൻ നിഷ്കാമനാണ്. നിങ്ങൾക്ക് രാജ്യപദവി നൽകി ഞാൻ വാനപ്രസ്ഥത്തിലേക്ക് പോകുന്നു. എനിക്ക് രാജ്യം ഭരിക്കാനുള്ള ആഗ്രഹമില്ല. നിങ്ങൾക്കാണ് രാജ്യം നൽകുന്നത്. നിങ്ങൾ തന്റെ രാജ്യ ഭാഗ്യം വീണ്ടും നേടു. നിങ്ങൾക്ക് അറിയാം നമ്മൾ ദേവീദേവതകളാ

യിരുന്നു. 84 ജന്മങ്ങൾ കടന്ന് ഇപ്പോൾ നമ്മൾ രാവണന്റെ സമ്പ്രദായത്തിലേക്കു വന്നിരിക്കുകയാണ്. രാവണനെ എപ്പോഴും കത്തിക്കാറുണ്ട്. രാവണനെ ഒരിക്കലും പൂജിക്കാറില്ല. ആരാണോ സ്വയം നൽകുന്നത് അവർക്കാണ് പൂജ ലഭിക്കുക. രാവണന്റെ ചിത്രം ഉണ്ടാക്കുകയും കത്തിക്കുകയും ചെയ്യും, രാവണൻ സദാ ദുഖം നൽകുന്ന ആളാണ്. ദുഖം നൽകുന്നയാളുടെ മഹിമ എങ്ങനെ പാടാനാണ്? ശിവബാബ സുഖദാതാവാണ്. ദിവസവും ശിവനിൽ പുഷ്പങ്ങൾ അർപ്പിക്കാറുണ്ട്. കർത്തവ്യങ്ങളൊന്നും തന്നെ അറിയുന്നില്ല. ഇന്നത്തെക്കാലത്ത് ധാരാളം അന്ധവിശ്വാസമാണ്.

ബാബ പറയുന്നു ആരിൽ നിന്നാണോ നിങ്ങൾക്ക് സ്വർഗ്ഗീയ സുഖം ലഭിക്കുന്നത്, അങ്ങനെയുള്ള അച്ഛനെ ഒരിക്കലും മറക്കരുത്. പിന്നീട് സ്വർഗ്ഗീയ സമ്പത്ത് ഒരിക്കലും ലഭിക്കുകയില്ല. മമ്മാ-ബാബാ എന്നു പറഞ്ഞു അർത്ഥം സ്വർഗ്ഗത്തിലേക്ക് വരുകതന്നെ ചെയ്യും പക്ഷേ ജോലിക്കാരനോ-വേലക്കാരനോ ആയിത്തീരും. ഗീതത്തിന്റെ അർത്ഥവും കുട്ടികൾ മനസ്സിലാക്കി. ഈശ്വരന്റെതായിത്തീർന്ന് ഈ കുട്ടിക്കാലത്തെ ഒരിക്കലും മറക്കരുത്. ആസുരീയ സന്താനങ്ങളിൽ നിന്നും പരിവർത്തനപ്പെട്ട് നിങ്ങൾ ഈശ്വരീയ സന്താനമായിത്തീർന്നിരിക്കുകയാണ് പിന്നീട് ദൈവീക സന്താനമായിമാറും. ഇതാണ് ഈശ്വരീയ ജന്മം. ഈ സമയത്ത് നിങ്ങൾ സേവാധാരിയാണ്. നിങ്ങൾ ആത്മീയ സാമൂഹികസേവകരാണ്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. ഈശ്വരീയ ജന്മം എടുത്ത് ഏതൊരു അകർത്തവ്യവും ചെയ്യരുത്. സത്പുത്രരായിത്തീരണം. അവഗുണങ്ങളെ ഇല്ലാതാക്കി ദൈവീകഗുണങ്ങളുള്ളവരായിത്തീരണം.

2. ഈശ്വരീയ സേവകരായിത്തീർന്ന് ആത്മീയ സേവനത്തിലൂടെ എല്ലാവരെയും തനിക്കു സമാനമാക്കി മാറ്റണം. മൂന്നടി മണ്ണ് എടുത്ത് ആശുപത്രി അഥവാ സർവ്വകലാശാല തുറക്കണം. ശരീരം മനസ്സ് ധനത്തിലൂടെ പൂർണ്ണമായും സഹയോഗികളായിത്തീരണം.

## വരദാനം - കർമ്മയോഗിയായി ഓരോ കാര്യവും സമർത്ഥമായും സഫലതയോടെയും ചെയ്യുന്ന ചിന്താമുക്തരായി ഭവിക്കട്ടെ.

ചില കുട്ടികൾക്ക് സമ്പാദിക്കുന്നതിനേക്കുറിച്ചും, പരിവാര പാലനയേക്കുറിച്ചും ചിന്തയുണ്ട് എന്നാൽ ചിന്തയുള്ളവർക്ക് ഒരിക്കലും സമ്പാദ്യത്തിൽ സഫലത നേടാൻ സാധിക്കില്ല. ചിന്ത ഉപേക്ഷിച്ച് കർമ്മയോഗിയായി കർമ്മം ചെയ്യൂ, എവിടെ യോഗമുണ്ടോ അവിടെ ഏതൊരു കാര്യവും സമർത്ഥവും സഫലതാസമ്പന്നവും ആയിരിക്കും. ചിന്തയാൽ സമ്പാദിച്ച പണം വന്നാലും ചിന്ത തന്നെ ഉണ്ടായിക്കൊണ്ടിരിക്കും, യോഗയുക്തമായി സന്തോഷത്തോടെ സമ്പാദിക്കുന്ന പണം സന്തോഷം കൊണ്ട് വരുന്നു കാരണം ഏത് പോലെയാണോ ബീജം അതിനനുസരിച്ച് ഫലവും ലഭിക്കുന്നു.

## സ്ലോഗൻ - സദാ ഗുണരൂപീ മുത്തുകൾ പെറുക്കുന്ന ഹോളീ ഹംസമായി മാറൂ, കല്ലുകൾ പെറുക്കുന്നവരല്ല.